IV. സബ്മിഷൻ

(1) സഹജയുടെ സത്യാഗ്രഹം

ശ്രീ. പി. എസ്. സുപാൽ : സർ, കഴിഞ്ഞ 22 ദിവസമായി സെക്രട്ടേറിയറ്റിനു മുമ്പിൽ സഹനസമരം നടത്തിവരുന്ന സഹജയുടെ ആവശ്യം സർക്കാർ പരിഗണിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. വികാസ്ഭവൻ ട്രഷറിയിൽ രണ്ടര വർഷത്തോളം തൂപ്പുജോലി ചെയ്തതിന്റെ കൂടിശ്ശിക കിട്ടണമെന്നും കോടതി ഉത്തരവ് പ്രകാരം ലഭിച്ച സിസ്റ്റം അനലൈസർ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് സഹജ ഈ സമരം നടത്തുന്നത്. കഴിഞ്ഞ രണ്ടു വർഷമായി ഈ ആവശ്യത്തിനുവേണ്ടി സെക്രട്ടേറിയറ്റിൽ കയറി ഇറങ്ങി അവഗണിക്കപ്പെട്ട സഹോദരിയാണ് ഈ സമരം നടത്തുന്നത്. മാധ്യമങ്ങളിലൊക്കെ ഇവരെക്കുറിച്ച് വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. സെക്രട്ടേറിയറ്റിനു മുമ്പിലാണ് സമരം നടക്കുന്നത്. ഇത് വളരെ മാനുഷികമായി പരിഗണിക്കേണ്ട ഒരു പ്രശ്നമാണ്. നമ്മുടെ ഒരു സഹോദരി ഇത്രയും കാലം ഒരു സമരത്തിൽ ഏർപ്പെടുന്ന അവസരത്തിൽ അവരുടെ ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അതിന് അടിയന്തിരമായ തീരുമാനം ഉണ്ടാക്കിക്കൊണ്ട് അവരുടെ സമരം പിൻവലിപ്പിക്കാൻ ആവശ്യമായ നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : സർ, സഹജ നടത്തുന്ന സമരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവരുടെ പ്രശ്നത്തിൽ അങ്ങേയറ്റത്തെ അനുഭാവപൂർവ്വമായിട്ടുള്ള ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. പക്ഷേ ഗവൺമെന്റിന്റെ നിബന്ധനകൾവെച്ചു നോക്കുമ്പോൾ അവരെ സഹായിക്കാൻ ഒരു നിവൃത്തിയുമില്ല. അവർ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ജോലിയിൽ പ്രവേശിച്ചതല്ല. അങ്ങനെയുള്ള സാഹചര്യത്തിൽ സ്ഥിരപ്പെടുത്താൻ ബുദ്ധിമുട്ടുണ്ട്. അവർ കുറഞ്ഞ ദിവസക്കൂലിക്ക് വേണ്ടി എൻഗേജ് ചെയ്തിരുന്നതാണ്. അവർ ഇപ്പോൾ ചോദിക്കുന്നു എന്നു പറയുന്നത്, അവർക്ക് കൊടുക്കാൻ നിശ്ചയിച്ചിരുന്ന തുക മുഴുവൻ കൊടുത്തിട്ടുണ്ട്. വളരെ കുറഞ്ഞ തുക മാത്രമാണ്. ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയൊക്കെ ആളെ എടുക്കുന്ന സമയത്ത് കൊടുക്കുന്ന ആ മിനിമം കൂലി അനുസരിച്ചുള്ള കൂലിക്ക് ഇവർക്കും അർഹതയു

GPM. 2/256/2012—28

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെന്നാണ് അവകാശപ്പെടുന്നത്. അങ്ങനെയുള്ള ജോലിക്കല്ല അവരെ എടുത്തിരിക്കുന്നത്. അതുകൊണ്ട് അവർക്ക് കൂടിശ്ശിക കൊടുക്കാൻ ഇല്ല എന്നുള്ളതാണ് ഡിപ്പാർട്ടുമെന്റിന്റെ നിലപാട്. അതുപോലെതന്നെ കോടതിയിൽ കേസ് കൊടുത്തു. കോടതിയുടെ തീരുമാനം നിയമപ്രകാരം ഇവരുടെ കാര്യങ്ങൾ കേട്ട് തീരുമാനം എടുക്കുക എന്നാണ്. ഇന്നത്തെ നിയമപ്രകാരം ഇവരെ സ്ഥിരപ്പെടുത്താൻ ഒക്കുകയില്ല. സ്ഥിരപ്പെടുത്തണമെങ്കിൽ ഒന്നുകിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എടുക്കണം. അല്ലെങ്കിൽ പി.എസ്.സി. യിൽ നിന്ന് എടുക്കണം. ഈ രണ്ടു കാര്യങ്ങളിലും നിയമത്തിന്റെ മുമ്പിൽ ഇവരുടെ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ല. പത്രങ്ങളിലൊക്കെ അവരെക്കുറിച്ചുള്ള വാർത്തകൾ ഞാൻ വായിച്ചിരുന്നു. വാർത്ത കണ്ട് ഞാൻ തന്നെ സെക്രട്ടേറിയറ്റ് നടയിൽപോയി ഇവരെ നേരിട്ടു കണ്ട് അന്വേഷിച്ചു. ഇതേക്കുറിച്ചുള്ള ഫയൽ വരുത്തി നോക്കുന്ന സമയത്ത്, നിയമത്തിനുള്ളിൽ നിന്നുകൊണ്ട് നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. സമരം നടത്തി പത്രങ്ങളിലൊക്കെ വാർത്ത വന്നു പൊതുജനശ്രദ്ധ ആകർഷിച്ച സാഹചര്യത്തിൽ അവർ ഏതെങ്കിലും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയിട്ടുള്ള സംവിധാനത്തിനു തയ്യാറാവുകയാണെങ്കിൽ, പ്രത്യേക കേസായിട്ട് പരിഗണിച്ച് അവർക്ക് ഗവൺമെന്റിൽ നിന്നും ധനസഹായം കൊടുക്കാൻ തയ്യാറാണ്. എനിക്ക് അവരോട് അഭ്യർത്ഥിക്കാനുള്ളത് അവരുടെ സമരം അവസാനിപ്പിക്കണമെന്നുള്ളതാണ്. ഞാൻ കഴിഞ്ഞ ദിവസം നേരിട്ട് പോയി അവരെ കണ്ടിരുന്നു. കാര്യങ്ങൾ മനസ്സിലാക്കി ഫയൽ വന്നു കഴിഞ്ഞപ്പോഴാണ് ഈ കാര്യത്തിൽ ഒരു വിധത്തിലും സഹായിക്കാൻ പറ്റില്ലെന്നറിയുന്നത്. ഇത് ഒരു കേസ് മാത്രമായിരുന്നെങ്കിൽ നമുക്ക് സ്പെഷ്യൽ കേസായിട്ട് കൺസിഡർ ചെയ്യാമായിരുന്നു. ഇതുപോലെ പതിനായിരക്കണക്കിനാളുകൾ 179 ദിവസം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു ജോലി കിട്ടി പുറത്തു നിൽക്കുന്നവരുണ്ട്. ദിവസക്കൂലി ചെയ്യുന്നവരുണ്ട്. അങ്ങനെയുള്ളപ്പോൾ ഈ ഒരു കേസായിട്ട് ചെയ്യാൻ പറ്റുകയില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ആ സമരം അവസാനിപ്പിക്കണം. കുടുംബശ്രീയുമായിട്ട് ബന്ധപ്പെട്ട് അല്ലെങ്കിൽ മറ്റ് രീതിയിലോ സ്വയം തൊഴിൽ കണ്ടെത്തുന്ന ഒരു പരിപാടിക്ക് ആവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കാം.

(2) സുനാമി ഭീതി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 28-3-2005-ന് രാത്രിയോടെ ഇൻഡോനേഷ്യയിൽ ശക്തമായ ഭൂചലനം അനുഭവപ്പെട്ടതിനെ തുടർന്ന് സുനാമി ഭീതി സംസ്ഥാനത്തെ തീരപ്രദേശങ്ങളിലാകെ പടർന്നിരിക്കുകയാണ്. ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly